"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തൊഴിലും നൈപുണ്യവും വകുപ്പ് - ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് - ജോയിന്റ് ഡയറക്ടർ/ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിൽ സ്ഥാനക്കയറ്റവും നിയമനവും നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തൊഴിലും നൈപുണ്യവും (എഫ്) വകുപ്പ്

സ.ഉ.(സാധാ) നം.1316/2024/LBR തീയതി,തിരുവനന്തപുരം, 31-12-2024

---

പരാമർശം:- 1) 21.12.2024 ലെ സ.ഉ (അച്ചടി) നം.94/2024/തൊഴിൽ ഉത്തരവ്.

2) ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടറുടെ 21.12.2024 ലെ ഇ1-56/2021/ഡി.ഐ.എം.എസ് നമ്പർ കത്ത്.

<u>ഉത്തരവ്</u>

ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ ജോയിന്റ് ഡയറക്ടർ/ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റത്തിന് യോഗ്യരായ ഉദ്യോഗസ്ഥരുടെ 2024 ലെ സെലക്ട് ലിസ്റ്റ് അംഗീകരിച്ച് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ട ഇൻഷുറൻസ് മെഡിക്കൽ ഓഫീസർമാരെ ജോയിന്റ് ഡയറക്ടർ/ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ തസ്തികകളിലെ നിലവിലുള്ള ഒഴിവുകളിലേയ്ക്ക് സ്ഥാനക്കയറ്റം നൽകി നിയമിക്കുന്നതിന് പരാമർശം (2) പ്രകാരം ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടർ സർക്കാരിൽ ശിപാർശ സമർപ്പിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) ലെ സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ടതും ചുവടെ പരാമർശിക്കുന്നതുമായ ഇൻഷുറൻസ് മെഡിക്കൽ ഓഫീസർമാരെ 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് ചട്ടങ്ങളിലെ ഭാഗം - II, ചട്ടം (b)(i) പ്രകാരം 1,18,100 – 1,63,400/- രൂപ ശമ്പള സ്കെയിലിൽ റെഗുലർ അടിസ്ഥാനത്തിൽ ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിൽ നിലവിലുള്ള ജോയിന്റ് ഡയറക്ടർ/ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റവും നിയമനവും നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(i) പരാമർശം (1) ലെ സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഏറ്റവും സീനിയർ ആയ ഡോ. മിനി. എം.എസ് -നെ ജോയിന്റ് ഡയറക്ടറായി സ്ഥാനക്കയറ്റം നൽകി ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടറേറ്റിൽ നിലവിലുള്ള ഒഴിവിൽ നിയമിക്കുന്നു.

(ii) പരാമർശം (1) ലെ സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഡോ. അജിത ഹരിയെ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറായി സ്ഥാനക്കയറ്റം നൽകി എറണാകുളം മദ്ധ്യമേഖലാ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിൽ നിലവിലുള്ള ഒഴിവിൽ നിയമിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ എസ്
അണ്ടർ സെക്രട്ടറി

ഡയറക്ടർ, ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ്, തിരുവനന്തപുരം.
ഡോ. മിനി. എം.എസ്, ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ (ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർ മുഖേന)
ഡോ. അജിത ഹരി, ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ (ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർ മുഖേന)
റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ (മദ്ധ്യമേഖലാ), ഇൻഷുറൻസ് മെഡിക്കൽ സർവീസസ് വകുപ്പ്, എറണാകുളം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) (ഓഡിറ്റ്), തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാരിന്റെ ഔദ്യോഗിക വെബ്ബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Abhilash S S
സെക്ഷൻ ഓഫീസർ
Date: 31-12-2024 13:52:33

പകർപ്പ്:- ബഹു.പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

മേലെഴുത്ത് നം: ഇ 1/56//2021/ഡി ഐ എം എസ് തീയതി 01/01/2025

സർക്കാർ ഉത്തരവിന്റെ പകർപ്പ് മേലെഴുത്ത് ആയി ഇതോടൊപ്പം അയയ്ക്കുന്നു തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

സ്വീകർത്താവ്

1) റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, ദക്ഷിണ മേഖല, കൊല്ലം, മദ്ധ്യ മേഖല എറണാകുളം, ഉത്തര മേഖല കോഴിക്കോട്
3) സൂപ്രണ്ട്, ഇ എസ് ഐ ആശുപത്രി, പേരൂർക്കട
4) ഡോ.മിനി എം എസ്, ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ, ഇ എസ് ഐ ആശുപത്രി പേരൂർക്കട (സൂപ്രണ്ട് മുഖാന്തിരം)
5) ഡോ.അജിത ഹരി, ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ, ഇ എസ് ഐ ഡി സ്പെൻസറി, പാരിപ്പള്ളി

അസീം എ
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

Signed by
Aseem A
Date: 01-01-2025 16:38:35